# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ — വാല്യം 4 ലക്കം 6

news@newsmanna.com www.newsmanna.com

050 3241610, 055 3969791 — ജൂൺ 2011


INSIDE THIS ISSUE




# ലോകം പട്ടിണിയിലേക്കെന്ന് ...



**ലണ്ടൻ:** ആഗോള ഭക്ഷ്യവിതരണസംവിധാനത്തിൽ കാതലായ പരിഷ്ക്കരണങ്ങൾ കൊണ്ടുവന്നില്ലെങ്കിൽ വരും വർഷങ്ങളിൽ ലോകജനത ഭക്ഷണംകിട്ടാതെ മരിക്കേണ്ടിവരുമെന്ന് ബ്രിട്ടീഷ് ദുരിതാശ്വാസ സംഘടനയായ ഓക്ഫാം മുന്നറിയിപ്പ് നൽകി. ദരിദ്രരെയും ഇടത്തരക്കാരെയും ഞെക്കിപ്പിഴിയുന്ന വിലക്കയറ്റമാണ് വരാൻ പോകുന്നതെന്ന് സംഘടന പറയുന്നു.

2030 ആകുമ്പോഴേക്ക് ഭക്ഷ്യവിളകളുടെ ഉത്പാദനച്ചെലവ് 120 ശതമാനം മുതൽ 180 ശതമാനം വരെ ഉയരുമെന്നാണ് ഓക്ഫാമിന്റെ കണക്കുകൂട്ടൽ. ഭക്ഷ്യസാധനങ്ങളുടെ വില ഇരട്ടിയിലധികം വർധിച്ച് കഴിഞ്ഞ 20 വർഷത്തിനുള്ളിൽ അതിന്റെ സൂചനകൾ പ്രകടമായിത്തുടങ്ങി. കാലാവസ്ഥാവ്യതിയാനത്തെ തുടർന്നുണ്ടായ കൃഷിനാശമായിരിക്കും വിലവർധനയുടെ മറ്റൊരു പ്രധാന കാരണമെന്നും സംഘടന പ്രവചിക്കുന്നു. ഭക്ഷ്യവിതരണസമ്പ്രദായം മെച്ചപ്പെടുത്തിയും കാലാവസ്ഥാ വ്യതിയാനത്തോടു പൊരുതാൻ കൂടുതൽ മുതൽ മുടക്കിയും വിലക്കയറ്റത്തോടു പൊരുതാൻ ഓക്ഫാം ചീഫ് എക്സിക്യൂട്ടീവ് ബർബറാ സ്റ്റോക്കിംഗ് ലോകനേതാക്കളോട് ആവശ്യപ്പെട്ടു. 1990 മുതൽ വിലക്കയറ്റത്തിന്റെ ഇരട്ടിയിലധികം വർധനവുണ്ടായി. അടുത്ത 20 വർഷം ഇതിനു വേഗം കൂടും. 2050 ആകുമ്പോഴേക്ക് ലോകജനസംഖ്യ 900 കോടിയാകുമെന്നാണ് പ്രതീക്ഷ. എന്നാൽ കാർഷിക മേഖലയിലെ ശരാശരി വളർച്ച 1990 മുതൽ പകുതിയായി കുറഞ്ഞിരിക്കുന്നു.

ഓക്ഫാമിന്റെ കണക്കുപ്രകാരം ലോകത്തിലെ ദരിദ്രർ വരുമാനത്തിന്റെ 80 ശതമാനവും ചെലവഴിക്കുന്നത് ഭക്ഷണത്തിനുവേണ്ടി മാത്രമാണ്. ബ്രിട്ടണിലുള്ളവരെക്കാൾ നാലിരട്ടി വരുമാനമാണ് ഫിലിപ്പൈൻസ് ജനത ഭക്ഷണത്തിനുവേണ്ടി ചെലവിടുന്നത്. വിലവർധിക്കുമ്പോൾ കൂടുതൽ പേർ പട്ടിണി കിടക്കേണ്ടിവരും.

ഗ്വാട്ടിമാലയിൽ 865,000 പേർ മൂന്നുനേരം വയറു നിറയ്ക്കാൻ പാടുപെടുന്നവരാണ്. ആഗോള സമൂഹം കടുത്ത പട്ടിണിയിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നതെന്ന് ലോകബാങ്കും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# ലോകാവസാനപ്രവചനം പാളി

## വ്യാജപ്രവചനങ്ങൾ പെരുകുന്നതും കർത്തൃവരവിന്റെ ലക്ഷണം

തോമസ് തോന്നയ്ക്കൽ

**ദുബായ്:** ഒടുവിൽ ഹാരോൾഡ് കാമ്പിംഗിന്റെ ലോകാവസാനപ്രവചനം പാളി. മെയ് 21 ന് ലോകാവസാനത്തിനു ആരംഭം കുറിക്കുമെന്നും ഒക്ടോബർ 21 ന് അതു പൂർണമാകുമെന്നും കാലിഫോർണിയായിലെ ഓക്‌ലാന്റ് കേന്ദ്രമാക്കിയുള്ള ഫാമിലിറേഡിയോ എന്ന ക്രിസ്തീയ പ്രസ്ഥാനത്തിന്റെ നേതാവ് ഹാരോൾഡ് കാമ്പിംഗ് നടത്തിയ പ്രവചനം മാധ്യമശ്രദ്ധനേടിയിരുന്നു.

ലോകമെമ്പാടും കാമ്പിംഗിന്റെ അനുയായികൾ ആയിരക്കണക്കിന് പരസ്യബോർഡുകൾ സ്ഥാപിച്ച് ലോകാവസാന മുന്നറിയിപ്പ് നല്കിയിരുന്നു. യു.എ.ഇ. യിലെ വിവിധ എമിറേറ്റ്സുകളിൽ സ്ഥാപിച്ച ബോർഡുകൾ അധികൃതർ നേരത്തെ നീക്കം ചെയ്തിരുന്നു. ലോകാവസാനത്തെക്കുറിച്ച് ജാതിമതവ്യത്യാസം കൂടാതെ എല്ലാവരെയും അറിയിക്കുകയാണ് തങ്ങളുടെ ദൗത്യമെന്ന് സംഘടനയുടെ ദുബായിലെ വക്താവ് മേരി ഷീൻ അഭിപ്രായപ്പെട്ടിരുന്നു. അന്ത്യനാൾ സംബന്ധിച്ച വിവരം ബൈബിളിൽ ഒളിഞ്ഞിരിക്കുകയാണെന്നും എളുപ്പത്തിൽ അത് മനസ്സിലാക്കുക പ്രയാസമാണെന്നും മേരിഷീൻ പറഞ്ഞു.

ലോകാവസാനം പ്രവചിച്ച് വെട്ടിലായ നിരവധി വ്യാജപ്രവാചകന്മാർ ചരിത്രത്തിലുണ്ട്. കൊറിയയിലെ കിംങ്യോംയോങ്, കേരളത്തിലെ വിദ്വാൻ കുട്ടിയച്ചൻ, തമിഴ്നാട്ടിലെ പാരീസ് ലോറി മുതലായവർ അക്കൂട്ടത്തിൽ പെടും. കൊല്ലംജില്ലയിലെ കരുനാഗപ്പള്ളി കൊല്ലകയിലെ യൂയോമയ സ്ഥാപകനായ യൂസ്ത്തൂസ് ജോസഫ് എന്ന വിദ്വാൻകുട്ടിയുടെ സഭയിലെ പ്രമുഖ പ്രവാചകൻ കൊട്ടാരത്തിൽ തൊമ്മന് ലോകാവസാനം സംബന്ധിച്ച് വെളിപ്പാട് ലഭിച്ചു. ഈ പ്രവചനം അവർ നാടെങ്ങും പ്രചരിപ്പിച്ചു. തിരുവിതാംകൂർ മഹാരാജാവിനെയും ബ്രിട്ടീഷ് രാജ്ഞിയെയും അറിയിച്ചു. അനുയായികൾ വസ്തുവകകൾ വിറ്റ് സഭയ്ക്കു നല്കിയശേഷം സഭയുടെ ആസ്ഥാനത്ത് കർത്താവിന്റെ വരവിനായി കാത്തുകിടന്നു. കർത്താവ് വരാൻ താമസിക്കുന്നതിൽ ആശങ്കിതനായ വിദ്വാൻകുട്ടി എഴുതിയതാണ് "കാന്താ താമസം എന്തഹോ" എന്ന പ്രസിദ്ധഗാനം. പറഞ്ഞപോലെ കർത്താവ് വരാത്തതെന്തെന്ന് അനുയായികൾ ചോദിച്ചപ്പോൾ കർത്താവ് വന്നിട്ട് പോയെന്നും അതെല്ലാവർക്കും കാണാൻ കഴിഞ്ഞില്ലായെന്നും പറഞ്ഞ് വിദ്വാൻകുട്ടി തടിതപ്പി.

തമിഴ്നാട്ടിലെ ചെങ്കോട്ടയ്ക്കടുത്ത് സഭാകേന്ദ്രത്തിൽ വിദേശികളടക്കമുള്ള അനുയായികൾക്കൊപ്പം



*ഹാരോൾഡ് കാമ്പിംഗ്*

താമസിച്ച പാരീസ് ലോറിയും കർത്താവിന്റെ വരവ് പ്രവചിച്ച് ജനത്തെ കബളിപ്പിച്ച വ്യാജപ്രവാചകനായിരുന്നു.

ലോകസംഭവങ്ങൾ യേശുക്രിസ്തുവിന്റെ വരവിന്റെ ആസന്നത വിളിച്ചോതുന്നു. കാലത്തിന്റെ അടയാളങ്ങൾ കർത്തൃവരവിനെ വെളിപ്പെടുത്തുമ്പോഴും സമയം വ്യക്തമാക്കപ്പെട്ടിട്ടില്ല. പിതാവല്ലാതെ പുത്രൻപോലും അറിയുന്നില്ലായെന്ന് വചനം പറയുന്നു. വ്യാജപ്രവചനങ്ങൾ പെരുകുന്നതും കർത്താവിന്റെ വരവിന്റെ ലക്ഷണമായി ദൈവജനം തിരിച്ചറിയുക.



# ബൈബിളും ഉമ്മൻ ചാണ്ടിയും

**റോജിൻ പൈനുംമൂട്**

പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ വീട്ടിൽ കുഞ്ഞൂഞ്ഞ് എന്ന് ചെല്ലപ്പേരുള്ള ഉമ്മൻചാണ്ടി പതിമൂന്നാം കേരള നിയമസഭയുടെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു.

ഉമ്മൻചാണ്ടിക്കുള്ളതും നമ്മിൽ പലർക്കും ഇല്ലാത്തതുമായ ഒരു സവിശേഷമായ പ്രത്യേകതയെക്കുറിച്ചാണ് ഇനി പറയുന്നത്. ഏറെ ഉത്തരവാദിത്വമുള്ള മുഖ്യമന്ത്രി പദത്തിലിരിക്കുമ്പോൾ കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ യാത്രചെയ്യുന്നത് സ്വാഭാവികം. ഇതിനു മുമ്പ് പ്രതിപക്ഷനേതാവായിരുന്നപ്പോഴും യാത്രകൾ പതിവ്. എവിടെ യാത്രചെയ്താലും നന്നേ വൈകി രാത്രി കിടക്കുന്നതിനു മുമ്പ് മുടങ്ങാതെ വേദപുസ്തകം വായിച്ചു പ്രാർഥിക്കുന്ന പതിവ് അദ്ദേഹത്തിനുണ്ട്. അതിനുശേഷം അന്നു പകലിൽ നടന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഡയറിയിൽ കുറിപ്പായി എഴുതുന്ന പതിവും. ഇതു പറയുന്നത് 1977 മുതൽ തന്റെ സന്തതസഹചാരിയായ പ്രിയപ്പെട്ട ഭാര്യ മറിയാമ്മ. എത്ര ക്ഷീണിതനാണെങ്കിലും ഇതിനു മുടക്കം വരുത്തിയിട്ടില്ല. ഇതു പറയുമ്പോൾ മറിയാമ്മയുടെ മുഖത്തിനു പ്രത്യേക തിളക്കം.

ഒരിക്കൽ മാർത്തോമാ സഭയിലെ വലിയ മെത്രാപ്പോലീത്ത ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം ഒരു സുവിശേഷയോഗത്തിൽ ഇപ്രകാരം പറഞ്ഞു. “പ്രിയമുള്ള വിശ്വാസികളെ, ഇന്നുമുതൽ നിങ്ങൾ ആരും വേദപുസ്തകം വായിക്കരുത് പകരം മലയാള മനോരമ പത്രം വായിക്കണം” ഇതു കേട്ടതും വേദിയിലിരുന്നവരും സദസ്യരും ഞെട്ടി. ക്രിസോസ്റ്റം മെത്രാപ്പോലീത്തയുടെ സ്വതസിദ്ധമായ നർമം പ്രസിദ്ധമാണല്ലോ. ഇപ്പറഞ്ഞതിനും എന്തെങ്കിലും ക്രിസോസ്റ്റം ടച്ച് കാണും എന്ന പ്രതീക്ഷയോടെയിരിക്കുമ്പോൾ ഇതാ വരുന്നു അടുത്ത വാക്കുകൾ. “മനോരമപ്പത്രം വായിക്കുവാനുള്ളതാണ്, വേദപുസ്തകം വായിക്കുവാനല്ല, ധ്യാനിക്കുവാനാണ്” ശരിയല്ലേ വേദപുസ്തകം വെറുതെ വായിക്കുവാനുള്ളതല്ല. മറിച്ച് അത് ധ്യാനിക്കുവാനുള്ളതാണ്.

ആധുനിക ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ പലപ്പോഴും വേദധ്യാനത്തിനുള്ള സമയം കണ്ടെത്തുന്നതിനു പലപ്പോഴും നാം രണ്ടാം സ്ഥാനമേ കല്പിക്കുന്നുള്ളൂ എന്നതാണ് യാഥാർഥ്യം. വിശുദ്ധവേദപുസ്തകം ഒരു വലിയ പുസ്തകമല്ലേ, അറുപത്തിയാറ് ചെറുപുസ്തകങ്ങൾ. 1600 വർഷങ്ങളായി നാല്പത് എഴുത്തുകാരാൽ രചിക്കപ്പെട്ട മഹത്തായ ഒരു മഹത്ഗ്രന്ഥമാണ്. നമ്മിലെ ആത്മീയ വളർച്ചയ്ക്ക് വേദപുസ്തകമല്ലാതെ മറ്റൊന്നും ഈ ലോകത്തിൽ ഇല്ല എന്നത് വാസ്തവമായ കാര്യം. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട വിശുദ്ധന്മാർ എഴുതപ്പെട്ട പ്രസ്തുത ഗ്രന്ഥം ലോകത്തുണ്ടാക്കിയ ചലനം അവർണനീയമാണ്. മത്തായി 24: 35 ൽ ഇങ്ങനെ പറയുന്നു: “ആകാശവും ഭൂമിയും നീങ്ങിപ്പോകും എന്റെ വചനങ്ങളോ നീങ്ങിപ്പോകയില്ല”

വേദപുസ്തകത്തിൽ തന്നെ വചനത്തെക്കുറിച്ച് പറയുന്ന വാക്യങ്ങൾ നമുക്ക് കാണാം. 2 തിമൊഥെയോസ് 3: 16 ൽ ഇപ്രകാരം പറയുന്നു. “എല്ലാ തിരുവെഴുത്തുകളും ദൈവനിവേശിതമാകുന്നു; അവ ഉപദേശത്തിനും ശാസനയ്ക്കും തെറ്റുതിരുത്തലിനും നീതിയിലുള്ള അഭ്യസനത്തിനും പ്രയോജനപ്പെടുന്നു.”

പലപ്പോഴും വചനധ്യാനത്തിനു സമയം വേർതിരിക്കുവാൻ കഴിയാത്തവർ പറയുന്നതാണ് തിരക്കുമൂലം കഴിയുന്നില്ല എന്നുള്ളത്. ജീവിതസന്ധാരണത്തിനായി തലങ്ങും വിലങ്ങും ഓടുന്ന ഞാനടക്കമുള്ള ആധുനികമനുഷ്യൻ (വിശ്വാസി എന്നു പറയുന്നതാകും കുറെക്കൂടെ ശരി) വചനധ്യാനത്തിനു സമയം കണ്ടെത്തുന്നില്ല. ദിവസേനയുള്ള തിരക്കുകൾക്കിടയിൽ ഇതിനുമാത്രം വിമുഖത കാട്ടി ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നു. അതുമൂലം ആത്മീയമരണം സംഭവിക്കുന്നു.

നിത്യേന വേദപുസ്തക ധ്യാനം ജീവിതത്തിൽ ആരംഭിച്ചുകഴിഞ്ഞാൽ അതു മുഖാന്തിരം നല്ല ഒരു ക്രിസ്ത്യാനിയായി തീരുവാൻ സഹായകമാകും. നല്ല ഉപദേശങ്ങളുടെ ഒരു കലവറ തന്നെയാണ് വേദപുസ്തകം. നാം ക്ഷീണിതരായിരിക്കുമ്പോൾ നമുക്ക് ആശ്വാസം നല്കുന്നതും, നാം സംശയാലുക്കൾ ആകുമ്പോൾ നമ്മെ ധൈര്യപ്പെടുത്തുന്നതും നാം സമാധാനമില്ലാതിരിക്കുമ്പോൾ നമ്മുടെ മനസ്സിന് ശാന്തി പകരുവാൻ ശക്തിയും ഉള്ളതാണ് ഈ സത്യവചനം.

വേദധ്യാനം മൂലം ദൈവം ആരെന്നു മനസ്സിലാക്കാൻ കഴിയും. അതു മുഖാന്തരം നമുക്ക് ദൈവത്തോടുള്ള ബന്ധത്തിന്റെ ആഴമറിയാനും സാധിക്കും. ദുർഘടങ്ങൾ നിറഞ്ഞ ജീവിതയാത്രയിൽ അടിപതറാതെ മുന്നോട്ടു നീങ്ങുവാൻ വചനധ്യാനം മൂലം കഴിയും.

### *വചനത്തിൽ ഇല്ലാത്തത്:*

ചില വർഷങ്ങൾക്കു മുമ്പ് മധ്യതിരുവിതാംകൂറിലെ ഒരു പ്രമുഖ സഭയിലെ ശുശ്രൂഷകൻ ഞായറാഴ്ച ആരാധന മധ്യെയുള്ള പ്രസംഗത്തിനിടയിൽ കുറിവാക്യമായി കൊലൊസ്യർ 1: 25 വായിക്കുവാൻ പറയുന്നു. വേദപുസ്തകത്തിന്റെ പേജുകൾ തിരിച്ചും മറിച്ചും നോക്കിയിട്ടും പറഞ്ഞ വാക്യം ലഭിക്കാത്ത വിശ്വാസികളിൽ ഒരാൾ അല്പം ക്ഷോഭത്തോടെ ഇപ്രകാരം പറഞ്ഞു: “കൊലൊസ്യർക്ക് ലേഖനമെഴുതിയതുകൊണ്ട് കോഴഞ്ചേരിക്കാർക്ക് എന്തെങ്കിലും പ്രയോജനമുണ്ടോ പാസ്റ്ററേ” എന്ന്.

o



For Advertisements & News Publishing Please Contact: 050-3241610, 055-3969791

# പരിശുദ്ധാത്മാവിനെ കൂടാതെ വിശുദ്ധ ജീവിതം നയിക്കുവാൻ സാധ്യമല്ല: പാസ്റ്റർ ബാബു ചെറിയാൻ

**അബുദബി:** പരിശുദ്ധാത്മാവിനെ കൂടാതെ ഈലോകത്തിൽ ഒരു വിശ്വാസിക്കും വിശുദ്ധജീവിതം നയിക്കാൻ കഴിയുകയില്ലെന്ന് പ്രശ്സത സുവിശേഷപ്രഭാഷകൻ പാസ്റ്റർ ബാബുചെറിയാൻ പറഞ്ഞു. അബുദബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (ആപ്കോൺ) സംഘടിപ്പിച്ച സുവിശേഷയോഗങ്ങളിൽ മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ വിശ്വാസിയും ക്രിസ്തുവിന് സാദൃശ്യന്മാരായാണ് ജീവിക്കേണ്ടത്. ഇതിനാണ് ദൈവം നമ്മെ വിളിച്ചത്. ഈ ജീവിതത്തിന് നമുക്ക് സ്വന്തമായി കഴിയില്ല. ഇതിന് പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ലഭിക്കണം എന്ന് അദ്ദേഹം പറഞ്ഞു. വിശുദ്ധജീവിതം നയിക്കുവാൻ ആഗ്രഹമുള്ളവർ പരിശുദ്ധാത്മാവിൽ ആശ്രയിച്ച് ജീവിതക്രമീകരണം നടത്തണം. ഇങ്ങനെയുള്ളവർക്ക് പണമോ പ്രതാപങ്ങളോ സ്ഥാനമാനങ്ങളോ ഒന്നും വിഷയമല്ല. എന്നാൽ ഇന്ന് നമ്മുടെ സമൂഹത്തിൽ കാണുന്ന പലപ്രവണതകളും പരിശുദ്ധാത്മാവിന്റേതല്ലെന്ന് മനസ്സിലാക്കി വിശ്വാസികൾ ജീവിക്കണമെന്നും പാസ്റ്റർ ബാബു ചെറിയാൻ പറഞ്ഞു.

അബുദബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്ന ത്രിദിന സുവിശേഷയോഗങ്ങൾ ആപ്കോൺ പ്രസിഡന്റ് പാസ്റ്റർ ഫിന്നി ജോർജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റേഴ്സ് ജേക്കബ് ജോർജ്, പി.ജെ. ഏബ്രഹാം, ജോർജ് മാത്യു എന്നിവർ അധ്യക്ഷത വഹിച്ചു. ആപ്കോൺ ക്വയർ ഗാനശുശ്രൂഷ നടത്തി. ജോയി സ്വാഗതവും വർഗീസ് ജേക്കബ് നന്ദിയും പറഞ്ഞു.

# ഗോസ്പൽ 2011 ആത്മീക സമ്മേളനം 6 മുതൽ

**ദുബൈ:** ദുബൈ അപ്പസ്തോലിക്ക് മലയാളം ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഗോസ്പൽ 2011 ആത്മീകസമ്മേളനം ജൂൺ 6–8 തീയതികളിൽ ഹോളിട്രിനിറ്റി ചർച്ച് കമ്യൂണിറ്റി ഹാളിൽ നടക്കും. രാത്രി 8 ന് നടക്കുന്ന പൊതുയോഗങ്ങളിൽ പ്രശസ്ത സുവിശേഷപ്രഭാഷകൻ പാസ്റ്റർ ഏബ്രഹാം തോമസ് (എബി ഐരൂർ) പ്രസംഗിക്കും. വിവിധ ഭാഗങ്ങളിൽ നിന്ന് യാത്രാസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്: 0559267346, 0501591882

# യു.പി.എഫ്. വിദ്യാർഥി ക്യാമ്പ് ആഗസ്റ്റ് 27 മുതൽ

**ഷാർജ:** യൂണൈറ്റഡ് പെന്തെക്കോസ്തു ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 27 മുതൽ 29 വരെ ഷാർജ വർഷിപ്പ് സെന്ററിൽ വിദ്യാർഥി ക്യാമ്പ് നടക്കും. ഈ വർഷത്തെ ക്യാമ്പിന് വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തിരിക്കുന്നതെന്ന് ഭാരവാഹികൾ അറിയിച്ചു. യു.പി.എഫ് പ്രസിഡന്റ് റവ. ഡോ. കെ.ഒ. മാത്യു, സെക്രട്ടറി ഐപ്പ് വിഴാലിൽ, ക്യാമ്പ് കോ- ഓർഡിനേറ്റർ സുവി. ഡിലു ജോൺ എന്നിവർ നേതൃത്വം നല്കും. കൂടുതൽ വിവരങ്ങൾക്ക്: 050 4957964, 6571682

# വർഷിപ്പ് സെന്റർ കോളജ് ഓഫ് തിയോളജി ബിരുദദാന സമ്മേളനം 23 ന്

**ഷാർജ:** പ്രവാസിമലയാളികൾക്ക് വചനാഭ്യാസനം നല്കുന്ന ഷാർജാ വർഷിപ്പ് സെന്റ് കോളേജ് ഓഫ് തിയോളജിയുടെ പ്രഥമ ബിരുദദാന സമ്മേളനം ജൂൺ 23 നു നടക്കും. രാത്രി 7.30 ന് ഷാർജ വർഷിപ്പ് സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽ മുഖ്യാതിഥികളായി ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രിഡിറ്റേഷൻ (അയാട്ട) ഡയറക്ടർ ഡോ. സ്റ്റാലിൻ കെ. തോമസ്, അയാട്ട വൈസ്ചാൻസലർ ജെയിംസ് തോമസ്, കൊച്ചിൻ ബൈബിൾ കോളജ് ഡയറക്ടർ ഫെബി മേരി സാം, പ്രസിഡന്റ് പാസ്റ്റർ സതീശ് ഫിലിപ്പ് എന്നിവർ പങ്കെടുക്കും. കഴിഞ്ഞ മൂന്നു വർഷമായി പ്രവർത്തിക്കുന്ന ഈ പഠനകേന്ദ്രത്തിൽ 93 വിദ്യാർഥികൾ പഠിക്കുന്നു. ഐ.പി.സി. വർഷിപ്പ് സെന്റർ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ വിൽസൻ ജോസഫ് ഡയറക്ടറായും, പാസ്റ്റർ ബി.ഡി. ജോർജ് രജിസ്ട്രാറായും ജെയിംസ് മേമന കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 0504814789

യഹോവയുടെ വലംകൈ വീര്യം പ്രവൃത്തിക്കുന്നു. (സങ്കീ 118:15)
പ്രാർത്ഥനാസംഗമം
യു.എ.ഇ. യുടെ ആത്മീയ ഉണർവിനും ആത്മാക്കളുടെ വിടുതലിനുമായി
12 മണിക്കൂർ ഉപവാസ പ്രാർത്ഥന
(എല്ലാ മാസവും രണ്ടാം ശനിയാഴ്ച)
തീയതി: ജൂൺ 11 (ശനിയാഴ്ച)
സമയം: രാവിലെ 10.00 മുതൽ രാത്രി 10.00 വരെ
സ്ഥലം: യൂണിയൻ ചർച്ച് ഷാർജ (ഹാൾ നമ്പർ 4)
കൃപാവര പ്രാപ്തരായ ദൈവദാസന്മാർ വചനം സംസാരിക്കുന്നു.
നിങ്ങൾ ഏതെങ്കിലും വിഷയത്താൽ ഭാരപ്പെടുന്നുവോ?
ഉപവാസത്തോടെ കടന്നു വരിക, വിടുതലോടെ മടങ്ങി പോകാം
പാസ്റ്റർ കെ.പി. ജോസ് വേങ്ങൂർ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.
സഭാ സംഘടനാ വിത്യാസമന്യേ ഏവർക്കും സ്വാഗതം.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 050 1464837, 055 2497925, Email: prarthanasgm@yahoo.com

WORSHIP CENTRE COLLEGE OF THEOLOGY, SHARJAH
Affiliated to Cochin Bible College
Accredited by International Association for Theological Accreditation (IATA)



1st Graduation Ceremony (B.Th)
On Thursday - 23rd June 2011, At Worship Centre Main Hall, Sharjah
Time:7.30 pm to 10.30pm

Chief Guests:
Dr. Stalin K. Thomas (Intl. Director, IATA)
Dr. James Thomas (Intl. Advisor, IATA)
Feby Mary Sam (Director, Cochin Bible College)
Pr. Sathish Philip (President, Cochin Bible College)

All are cordially invited

Pr. Wilson Joseph, Director
Pr. Biju George, Registrar
Br. James Memana, Co. ordinator

New batch starts on 6th July 2011
For admission contact - Pr. Wilson Joseph - 050 4814789

IMPARTING KNOWLEDGE TO LIFE
SINCE 1995

المعهد الأقليمي التعليمي
REGIONAL EDUCATIONAL INSTITUTE

*Industry needs solution finders-*
*Are you equipped?*

## International Certification Trainings

- CCNA
- MCITP
- MCTS
- SCSA
- JAVA
- ITIL
- Software Testing
- CCNP
- MCSE
- MCP
- SCNA
- VM Ware
- PMP
- CCIE
- MCSA
- LINUX-RedHat/SUSE
- ORACLE
- JUNIPER FIREWALL
- Zend PHP

## Executive Training Programs

- Business and Strategy
- Leadership
- Innovation & Creativity
- Financial Management
- Entrepreneurship/ Family Managed Business
- Marketing Management
- IT Management
- Logistics and Supply Chain Management
- Project & Operations Management
- Personal Dev. & Soft skills Training

## Regular Courses

- MS Office
- Graphic Designing
- Web Designing
- PC Hardware
- Network Concept
- ETABS / SAFE
- Auto CAD
- CorelDraw/illustrator
- Primavera
- FrontPage
- Spoken English (Basic/Adv)
- Spoken Arabic (Basic/Adv)
- English (Reading & Writing)
- IELTS
- Business English

**REGIONAL EDUCATIONAL INSTITUTE**
Your Reliable Partner in Trainings & Development
Approved by Ministry of Education (License No. 23)

Tel: +971 2 6794948 Fax: +971 2 672731, 2nd Floor, ADCO-Operative Society, Electra Road, P.O.Box: 26270, Abu Dhabi, UAE. Email: info@regional.ae, Web: www.regional.ae

Vista Systems Software Solutions TM
Authorized Franchisee Partner for International Certification Trainings

S P JAIN CENTER OF MANAGEMENT
DUBAI • SINGAPORE • SYDNEY
Partner for Executive Training Programs


Edited, Printed and published by P.C. Glenny, Editor in charge Santhosh Abraham. news@newsmanna.com, Visit: www.newsmanna.com 050 3241610, 055 3969791